# വെളിപ്പാട് പുസ്തക പഠനം – 18

# ഏഴുകാലഘട്ടങ്ങളുടെ ഏഴുസഭകൾ

## ഡോ. സി.വി.ആൻഡ്രൂസ്

'നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി എഫെസോസ്, സ്മുർന്ന, പെർഗ്ഗമോസ്, തുയഥൈര, സർദ്ദിസ്, ഫിലദൽഫിയ, ലവോദിക്യ എന്നീ ഏഴ് സഭൾക്കും അയക്കുക എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു.'' (വാക്യം 11 )

ഇംഗ്ലീഷ് ബൈബിളിൽ ഈ വാക്യം തുടങ്ങുന്നത് ''ഞാൻ അൽഫയും ഒമേഗയും ആദിയും അന്തവും ആകുന്നു. നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതി ഏഴ് സഭകൾക്ക് അയക്കുക'' എന്നാണ്. കാഹളനാദം പോലെയുള്ള ഒരു മഹാശബ്ദം യോഹന്നാന്റെ പുറകിൽ നിന്നും കേട്ടു. യോഹന്നാൻ അപ്പൊസ്തൊലന്റെ മുമ്പിൽ കർത്താവിന്റെ ദൂതനും വെളിപ്പാടുകളും; പുറകിൽ കർത്താവിന്റെ കാഹളനാദം പോലെയുള്ള ശബ്ദവും. പതിനൊന്നാം വാക്യത്തിൽ ശബ്ദം കേട്ടപ്പോൾ, പന്ത്രണ്ടാം വാക്യത്തിൽ സംസാരിച്ച കർത്താവിനെ കാണുന്നു. യോഹന്നാൻ കാണുന്നത് എഴുതി ആസ്യയിലെ ഏഴ് സഭകൾക്ക് അയക്കുവാൻ കല്പന ലഭിച്ചു. വെളിപ്പാട് പുസ്തകത്തിൽ വിവരിക്കുന്ന 7 സഭകൾ ചിത്രത്തിൽ. ചുവന്ന വൃത്തത്തിൽ പത്മോസ് ദ്വീപ്.

'എഴുതുക' എന്ന് വെളിപ്പാട് പുസ്തകത്തിൽ ആവർത്തിച്ച് പറയുന്നതായി കാണുന്നു. (1:19, 2:1,8,12,18; 3:1, 7, 14; 14:13;19:9; 21:5) ഭൂമിശാസ്ത്രപരമായി ഏഴ് സഭകളുടെ ക്രമം എഫെസോസിൽ നിന്ന് വടക്കോട്ട് സ്മുർന്നയും കുറേക്കൂടെ വടക്കോട്ട് പെർഗമോസും അവിടെ കിഴക്കോട്ട് തുയഥൈരയും തെക്കോട്ട് തിരിഞ്ഞ് സർദ്ദീസും അല്പം കിഴക്കോട്ട് ഫിലദൽഫിയയും ഏറ്റവും തെക്കോട്ട് തിരിഞ്ഞ് ലവോദിക്യയും ആയിരുന്നു. ഈ എഴുത്തുകളുമായി ഒരു സന്ദേശവാഹകന് സഞ്ചരിക്കാവുന്ന ക്രമത്തിലാണ് ഇത് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഇവിടെ നൽകിയിരിക്കുന്ന പ്രത്യേക സന്ദേശം ആസ്യയിലെ ആസ്യയിലെ ഏഴ് സഭകൾക്കുള്ളതാണ്.

ഇന്ന് ടർക്കി എന്നറിയപ്പെടുന്ന രാജ്യത്തിന്റെ ചെറിയ പ്രദേശമാണ് അന്ന് ആസ്യ എന്നറിയപ്പെട്ടിരുന്നത്. ഏകദേശം 75 മൈൽ വൃത്തപരിധിക്കുള്ളിൽ സ്ഥിതി ചെയ്തിരുന്നവയാണ് ഈ ഏഴ് സഭകളും. ഈ വാക്യത്തിലുള്ള ഏഴ് സഭകൾ കൂടാതെ വേറെയും സഭകൾ ആസ്യയിലുൺടായിരുന്നു. എഫെസോസ്, ലവോദിക്യ എന്നീ സഭകളെപ്പറ്റി മാത്രമേ ബൈബിളിന്റെ മറ്റ് ഭാഗങ്ങളിൽ പരാമർശിച്ചിട്ടുള്ളൂ. ഈ ഏഴ് സഭകൾ കൂടാതെ ത്രോവാസ് (അപ്പോ.പ്രവ 20:5), കൊലോസ്യ, ഹിയരപ്പൊലി (കൊലോ 4:13) എന്നീ സ്ഥലങ്ങളിലും സഭകളുൺടായിരുന്നു. ഈ സഭകളെല്ലാം യോഹന്നാന്റെ കാലത്തുൺടായിരുന്ന യഥാർത്ഥ സഭകളായിരുന്നു.

ഇതിൽ പറഞ്ഞിരിക്കുന്ന ദൂതുകൾ എക്കാലത്തുമുള്ള എല്ലാ സഭകൾക്കും ഉള്ളതാണ്. ഈ എഴുത്തുകളിലൂടെ വായനക്കാരുടെ ഹൃദയത്തെ വരുവാനുള്ള സംഭവങ്ങളുടെ വെളിപ്പാടു മനസിലാക്കുവാൻ ഒരുക്കുകയാണ്. ആസ്യയിലന്ന്

അനേകം സഭകൾ ഉൺടായിരിക്കെ ഈ ദൂതുകൾ നൽകുവാൻ ഏഴ് സഭകളെ മാത്രം തിരഞ്ഞെടുക്കുവാൻ കാരണമെന്തായിരുന്നു? പെന്തെക്കോസ്ത് നാളിൽ സഭ ആരംഭിക്കുകയും കർത്താവിന്റെ വരവ് വരെ നിലനിന്നുപോരുന്നതുമായ കർത്താവിന്റെ സഭയുടെ ഏഴ് കാലഘട്ടങ്ങളെ അവതരിപ്പിക്കാൻ വേൺടിയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. ഓരോ സഭയുടെയും ന്യൂനതകൾ കർത്താവ് എടുത്തു പറയുന്നത് കാണുമ്പോൾ അത് മനസിലാക്കാം. ഓരോ സഭകൾക്കും ദൂത് നൽകി അവസാനിപ്പിക്കുമ്പോൾ ''ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ'' എന്ന താക്കീത് കാണുന്നതിനാൽ എടുത്തുപറയപ്പെട്ട ഈ സഭകൾക്ക് മാത്രമായിരുന്നില്ല ആ ദൂതെന്ന് മനസിലാക്കാം. ആകയാൽ ഈ ദൂതുകൾ സഭായുഗം കഴിയുന്നത് വരെ ഭൂമുഖത്തുള്ള സകല സഭകളെയും ഉദ്ദേശിച്ചുള്ളതാണ്.

## സഭയുടെ ഏഴ് കാലഘട്ടങ്ങൾ

1. എഫെസോസ് (അയവ്) – എ.ഡി. 70 മുതൽ 170 വരെയുള്ള അപ്പോസ്തോലിക കാലം (ആദ്യസ്നേഹം വിട്ടുകളഞ്ഞ് കാലഘട്ടം)

2. സ്മുർന്ന (കയ്പ്) – പീഡിത സഭ – എ.ഡി. 170 മുതൽ 312 വരെയുള്ള കാലഘട്ടം (സഭ വളരെ പീഡനത്തിൽ കൂടെ കടന്നുപോയ സന്ദർഭം)

3. പെർഗമോസ് – ഉയർച്ച, ഗോപുരം, സ്വൈരിണിയായ സഭ – എ.ഡി 312 മുതൽ 606 വരെ (ലോകമയത്വം രാഷ്ട്രമതമായ കാലഘട്ടം)

4. തുയഥൈര – ബലികർമ്മാസക്തയായ സഭ, നിത്യം ബലി കഴിക്കുന്നവൾ – എ.ഡി. 606 മുതൽ 1520 വരെയുള്ള അന്ധകാര യുഗം

5.സർദ്ദീസ് – നവീകരണം, മാർട്ടിൻ ലൂഥർ എഴുന്നേറ്റ് പ്രവർത്തിച്ച സന്ദർഭം – എ.ഡി. 1520–1750 വരെ

6. ഫിലദൽഫിയ – സഹോദര സ്നേഹം, മിഷണറി പ്രസ്ഥാനങ്ങളുടെ കാലം – എ.ഡി. 1750 – 1906 വരെ

7. ലവോദിക്യാ – മന്ദോഷ്ണ സഭ, മാനുഷിക ന്യായം – 1906 – കർത്താവിന്റെ രൺടാം വരവ് വരെ

ഈ സഭകളുടെ ദൂതുകൾ നോക്കി ആശയം മനസിലാക്കി തീരുമാനത്തിലെത്തിയിട്ടുള്ള കാലക്കണക്കാണിത്.

ഏഷ്യാ മൈനറിൽ യോഹന്നാന്റെ കാലത്ത് ഏഴിലധികം സഭകൾ ഉൺടായിരിക്കെ വെളിപ്പാട് പുസ്തകം രൺടും മൂന്നും അദ്ധ്യായങ്ങളിൽ ഈ ഏഴ് സഭകളെ തിരഞ്ഞെടുത്ത് ദൂത് പറയുവാനുള്ള കാരണം ഈ ഏഴ് സഭകൾ ക്രൈസ്തവ സഭയുടെ ഏഴ് കാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്നതാണ് എന്ന് നാം മനസിലാക്കിയല്ലോ. ഈ സഭകളുടെ അർത്ഥം, ദൂതുകൾ ഇവ പരിശോധിക്കുമ്പോൾ കാര്യം വ്യക്തമാകുന്നു. ഓരോ സഭകൾക്കും ദൂത് എഴുതുമ്പോൾ ഏക വചനത്തിൽ ആരംഭിക്കുന്ന ദൂത് അവസാനിക്കുന്നത് ബഹുവചനത്തിലാണ്. ആ സഭയുടെ ദൂത് ആ സഭയ്ക്ക് വേൺടി മാത്രമുള്ളതല്ല എന്ന് അതിൽ നിന്നും വ്യക്തമാകുന്നു. അതുപോലെ തന്നെ ''ചെവിയുള്ളവൻ കേൾക്കട്ടെ'' എന്ന് പറഞ്ഞുകൊൺടാണ്

ഓരോ സഭയുടെയും ദൂത് പരിശുദ്ധാത്മാവ് അവസാനിപ്പിച്ചിരിക്കുന്നത്. (2:7,11,17,28; 3:6, 13, 22) 'സഭകൾ' എന്നുള്ള ബഹുവചനപ്രയോഗവും ''ചെവിയുള്ളവൻ കേൾക്കട്ടെ'' എന്നുള്ള പ്രയോഗവും കൊൺട് ഇത് കേവലം ആ സഭകൾക്ക് വേൺടിയുള്ളത് മാത്രമല്ല എന്ന് സ്പഷ്ടം. രൺടും മൂന്നും അദ്ധ്യായങ്ങൾ പഠിക്കുമ്പോൾ ഈ സഭകളെക്കുറിച്ച് കൂടുതലായി വിശദീകരിച്ച് പഠിക്കാം.

''കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു'' എന്ന് നാം വായിക്കുന്നു. പഴയനിയമത്തിൽ കാഹളനാദം പലപ്രാവശ്യം കാണുന്നു. ന്യായപ്രമാണം യിസ്രായേൽ ജനത്തിന് കൊടുത്തപ്പോൾ ഇടിയും മിന്നലും മഹാഗംഭീരമായ കാഹളധ്വനിയും ഉൺടായി (പുറപ്പാട് 19:16) പാളയത്തിലുള്ള ജനമൊക്കെയും നടുങ്ങി. യെഹസ്ക്കേൽ 3: 12 ൽ ''വലിയ മുഴക്കത്തോടെ ഒരു ശബ്ദം എന്റെ പുറകിൽ കേട്ടു'' എന്ന് പറയുന്നു. പുതിയ നിയമത്തിൽ മത്തായി 24 : 31, 1 കൊരി. 15:52, 1 തെസ്സ 4:16 എന്നിവയിലും ദൈവശബ്ദത്തെ കാഹളധ്വനിയോട് ഉപമിച്ചിരിക്കുന്നു. വെളിപ്പാട് പുസ്തകത്തിൽ ''കാഹളത്തിനൊത്ത നാദം'' പലപ്രാവശ്യം കാണുന്നു. (4:1; 8:2,7,8,10; 9:1,13; 11:15)

അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയെന്ന് 1: 15 ൽ പറയുന്നു. കർത്താവ് എന്തിന് കാഹളത്തിനൊത്ത മഹാശബ്ദത്തിലും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും സംസാരിച്ചു? പിതാവായ ദൈവം പുത്രനോട് സംസാരിച്ച ശബ്ദം കേട്ടവർ ഇടിയുൺടായി എന്ന് പറഞ്ഞു. (യോഹ12:28,29) ഒരു ദൈവദൂതൻ അവനോട് സംസാരിച്ചു എന്ന് മറ്റ് ചിലർ പറഞ്ഞു. ഈ ശബ്ദം എന്റെ നിമിത്തമല്ല, നിങ്ങളുടെ നിമിത്തമത്രേ ഉൺടായത് എന്ന് യേശു അവരോട് പറഞ്ഞു. ഒരുവന്റെ ശബ്ദത്തിൽ നിന്നും തന്റെ ആളത്വത്തെ മനസിലാക്കാം. കർത്താവിന്റെ ശക്തി വെളിപ്പെടുന്നതാണ് ഇപ്രകാരമുള്ള ശബ്ദം.